പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 477 29.06.2016-ൽ മറുപടിയ്ക്ക്

## ആദിച്ചനല്ലൂർ ചിറ ടൂറിസം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജി,എസ്.ജയലാൽ | ശ്രീ.എ.സി.മൊയ്തീൻ (സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ആദിച്ചനല്ലൂർ ചിറ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കുമോ; പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ; | (എ) ആദിച്ചനെല്ലൂർ ചിറ ടൂറിസം പ്രോജക്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന എല്ലാ പ്രവർത്തനങ്ങളും ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്. പദ്ധതിയുടെ 80% പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി ജൂലൈ 31നകം പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് കരാറുകാരന് എത്ര രൂപയാണ് നൽകിയിട്ടുള്ളത്; തുടർന്ന് ലഭിക്കുവാനുള്ള തുക കരാറുകാരന് നൽകുന്നതിന് സാങ്കേതികമായി എന്തെങ്കിലും ബുദ്ധിമുട്ടുകൾ ഉണ്ടോ; എങ്കിൽ ആയത് എന്താണെന്നും എന്നത്തേക്ക് പ്രശ്ന പരിഹാരം ഉണ്ടാകുമെന്നും വ്യക്തമാക്കുമോ ? | (ബി) പ്രസ്തുത പ്രവൃത്തിയ്ക്കായി 44 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നല്കിയിട്ടുള്ളത്. മൊത്തം തുകയും നിർവ്വഹണ ഏജൻസിയായ കൊല്ലം മൈനർ ഇറിഗേഷൻ ഡിവിഷന് 19.02.2015-ലെ P1-1449/14 ഉത്തരവ് പ്രകാരം നല്കിയിട്ടുണ്ട്. കരാറുകാരന് ബില്ലുകൾ പാസാക്കി നൽകുന്നത് നിർവ്വഹണ ഏജൻസിയാണ്. |

സെക്ഷൻ ഓഫീസർ